പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 999** **14-10-2026-ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ മത്സ്യസമൃദ്ധി (സി.എം.എം.എസ്.പി.) പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കാരായി രാജൻ

ശ്രീ. കെ. പ്രേമൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മുഖ്യമന്ത്രിയുടെ മത്സ്യസമൃദ്ധി പദ്ധതി (സി.എം.എം.എസ്.പി.) സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്നും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

**മറുപടി:** ഇല്ല. 2026-27 നവംബർ മാസം മുതൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** ഈ പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണ്; ജീവനക്കാരുടെ വേതനത്തിനായി നടപ്പ് വർഷം ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഈ പദ്ധതിക്കായി ബജറ്റിൽ 5099 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു വരുന്നതിനാൽ ഈ പദ്ധതിക്കായി ജീവനക്കാരുടെ വേതനത്തിന് തുക ചെലവഴിച്ചിട്ടില്ല.

**(സി)** പദ്ധതി പ്രകാരം എത്ര അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നുവെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ആരംഭിക്കാനിരിക്കുന്ന പദ്ധതിയിൽ 100 ലക്ഷം തൊഴിൽ ദിനങ്ങൾ അധികമായി സൃഷ്ടിക്കുന്നതിനു ലക്ഷ്യമിടുന്നു.

**(ഡി)** പ്രതീക്ഷിത ഉല്പാദന വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ; പദ്ധതി ഘടകങ്ങൾ വിശദമാക്കാമോ;

**മറുപടി:** പദ്ധതിയുടെ അന്തിമ അനുമതി ലഭിച്ചതിനു ശേഷം മാത്രമേ ഉൽപ്പാദനവും പദ്ധതിയുടെ ഘടകങ്ങളും ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ.

**(ഇ)** കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജനയുമായി (പി.എം.എം.എസ്.വൈ.) മുഖ്യമന്ത്രിയുടെ മത്സ്യസമൃദ്ധി പദ്ധതിക്ക് (സി.എം.എം.എസ്.പി.) ഏതെങ്കിലും തരത്തിലുള്ള സംയോജനം ഉണ്ടോയെന്ന് വിശദമാക്കാമോ?

**മറുപടി:** അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള സി.എം.എം.എസ്.പി. പദ്ധതിയുടെ ഉപഘടകത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുമായുള്ള സംയോജനം വിഭാവനം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**